"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടാമ്പി നഗരസഭയ്ക്കായി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.11/2024/LSGD തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:-

1. പട്ടാമ്പി നഗരസഭ കൗൺസിലിന്റെ 25.05.2022 ലെ 3-ാം നമ്പർ തീരുമാനം
2. പട്ടാമ്പി നഗരസഭ കൗൺസിലിന്റെ 17.06.2023 ലെ 1-ാം നമ്പർ തീരുമാനം.
3. 25.10.2023 ലെ പട്ടാമ്പി നഗരസഭ സെക്രട്ടറിയുടെ കത്ത്.
4. 01.11.2023 തീയതിയിലെ പാലക്കാട് ജില്ലാ നഗരാസൂത്രകന്റെ എൽ.എസ്.ജി.ഡി./ജെ.ഡി./പികെഡി/552/2023-പി.എൽ.ജി.3 നമ്പർ കത്ത്.
5. 10.11.2023 തീയതിയിലെ മുഖ്യനഗരാസൂത്രകന്റെ (പ്ലാനിംഗ്) എൽ.എസ്.ജി.ഡി./പിഡി/19342/2023-ടിപിസിബി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2016-ലെ കേരള നഗരം-ഗ്രാമാസൂത്രണ നിയമം വകുപ്പ് 36 (1) ലെ വ്യവസ്ഥകൾ പ്രകാരം, തദ്ദേശ സ്വയംഭരണ വകപ്പ് പ്ലാനിംഗ് വിഭാഗം തയ്യാറാക്കിയ പട്ടാമ്പി മാസ്റ്റർപ്ലാൻ, പട്ടാമ്പി നഗരസഭയ്ക്ക് വേണ്ടിയുള്ള മാസ്റ്റർപ്ലാനായി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം പട്ടാമ്പി നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ, ചട്ടം 16(1) പ്രകാരം, മാസ്റ്റർപ്ലാൻ പരിഷ്ക്കരണങ്ങളോടെയോ അല്ലാതെയോ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യം പട്ടാമ്പി നഗരസഭ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

2) പട്ടാമ്പി നഗരസഭയ്ക്കായുള്ള കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിന്റെ അനുമതിയ്ക്കായി ശിപാർശ ചെയ്യുന്നതിന് പട്ടാമ്പി നഗരസഭ കൗൺസിൽ, പരാമർശം (2) പ്രകാരം തീരുമാനിക്കുകയും, ആയതുപ്രകാരം, പട്ടാമ്പി നഗരസഭയ്ക്കായി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാൻ, പ്രസിദ്ധീകരണ അനുമതിയ്ക്കായി ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം (3) നഗരസഭാ സെക്രട്ടറി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകപ്പ് 36(3), 2021-ലെ കേരള

നഗര ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8), എന്നിവ പ്രകാരം, പട്ടാമ്പി നഗരസഭയ്ക്കു വേണ്ടിയുള്ള പ്രസ്തുത മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പട്ടാമ്പി നഗരസഭയ്ക്കായി തയ്യാറാക്കിയ പട്ടാമ്പി കരട് മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8), എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, പാലക്കാട്
4. സെക്രട്ടറി, പട്ടാമ്പി നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
6. വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Bijukumar T
Date: 25-01-2024 14:59:27
സെക്ഷൻ ഓഫീസർ